നിരത്തുകളും പാലങ്ങളും വിഭാഗത്തെ സംബന്ധിച്ചവയുടെ വിവരം ശേഖരിച്ചു വരുന്നു.

(സി) കെട്ടിട വിഭാഗത്തെ സംബന്ധിച്ചുള്ളത് അനുബന്ധം ആയി ചേർത്തിരിക്കുന്നു. * ദേശീയപാതാ വിഭാഗത്തിൽ അറ്റകുറ്റപ്പണികളല്ലാതെ മറ്റു പ്രവൃത്തികൾ ഒന്നും ചെയ്തിട്ടില്ല. നിരത്തുകളും പാലങ്ങളും വിഭാഗത്തെ സംബന്ധിച്ചവയുടെ വിവരം ശേഖരിച്ചു വരുന്നു.

മിനി സിവിൽ സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ

195 (5901) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എവിടെയൊക്കെയാണ് മിനി സിവിൽസ്റ്റേഷനുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നത് ;

(ബി) ഇവയിൽ ഏതൊക്കെ മിനി സിവിൽ സ്റ്റേഷനുകൾ ഈ വർഷം പൂർത്തിയാക്കി പ്രവർത്തനസജ്ജമാക്കും എന്നറിയിക്കുമോ ;

(സി) ഈ വർഷം ഏതൊക്കെ പുതിയ മിനി സിവിൽ സ്റ്റേഷനുകളുടെ നിർമ്മാണപ്രവർത്തനങ്ങൾക്കാണ് അനുമതി നൽകിയിട്ടുള്ളത് ;

(ഡി) ഇവയുടെ നിർമ്മാണ പ്രവർത്തനം എന്നു തുടങ്ങാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(ഇ) പുതിയ സിവിൽ സ്റ്റേഷനുകളുടെ നിർമ്മാണത്തിന് ആകെ എത്ര കോടി രൂപ ചെലവിടേണ്ടിവരുമെന്നാണ് കണക്കാക്കുന്നത് ?

ഉത്തരം

(എ) അനുബന്ധം 1 - ൽ ചേർത്തിരിക്കുന്നു. *

(ബി) അനുബന്ധം 2 - ൽ ചേർത്തിരിക്കുന്നു. *

(സി) ഈ സാമ്പത്തിക വർഷം നാളിതുവരെ പുതിയ മിനി സിവിൽ സ്റ്റേഷനുകൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടില്ല.

(ഡി) ബാധകമല്ല.

(ഇ) ബാധകമല്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly